# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2596

12.03.2018–ന് മറുപടിയ്ക്ക്

## <u>മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ നടപ്പാക്കുന്ന പദ്ധതികൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ.മുരളി പെരുനെല്ലി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മണലൂർ നിയോജക മണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് ഭരണാനുമതിയും കിഫ്ബി അംഗീകാരവും ലഭ്യമാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയ 'കൈറ്റി'ന്റെ നേതൃത്വത്തിൽ കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെൻഡർ നടപടികൾ മാർച്ച് അവസാനത്തോടെ പൂർത്തീകരിച്ച് ഏപ്രിൽ മാസത്തിൽ പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം സജ്ജമായ അഞ്ച് ക്ലാസ് മുറികളിലേയ്ക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കുമെന്നും അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കാമോ; | (ബി) | ഹൈടെക് സ്കൂൾ പദ്ധതി 2018 ജനുവരി **22** ന് ആരംഭിച്ചു. മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏപ്രിൽ മാസത്തിൽ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഈ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കണമെന്നത് സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (സി) | നിർമ്മാണ പ്രവർത്തനങ്ങൾ 2019-ൽ പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഹൈടെക് സ്കൂൾ പദ്ധതി ക്ലാസ് മുറികൾ സജ്ജമാക്കുന്ന മുറയ്ക്ക് ഉപകരണങ്ങൾ വിതരണം ചെയ്ത് പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ